കാർഷിക വായ്പകളുടെ പലിശ

*28 [268] ശ്രീ. ടി. എൻ. പ്രതാപൻ
„ ടി. യു. രാധാകൃഷ്ണൻ:
„ എം. മുരളി:
ശ്രീമതി രാധാരാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക വായ്പകളുടെ പലിശ 8.5 ശതമാനം ആയി കുറയ്ക്കണമെന്ന് സഹകരണ സംഘങ്ങൾക്കും സഹകരണ ബാങ്കുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ നിർദ്ദേശം എല്ലാ സഹകരണ സ്ഥാപനങ്ങളും നടപ്പിലാക്കിയിട്ടുണ്ടോ; എത്ര സഹകരണ സ്ഥാപനങ്ങൾ ഈ നിർദ്ദേശം നടപ്പാക്കാതെയുണ്ട്; അതിനുള്ള കാരണം എന്ത് എന്ന് വ്യക്തമാക്കുമോ?

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ):

(എ) പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽനിന്നും എടുത്തിട്ടുള്ള 25,000 രൂപ വരെയുള്ള കാർഷിക വായ്പയുടെ പലിശ നിരക്ക് 8.5 % ആക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഹ്രസ്വകാല കാർഷിക വായ്പാ പലിശ നിരക്കുകൾ പുതുക്കി നിശ്ചയിച്ചുകൊണ്ടുള്ള നിർദ്ദേശം സഹകരണ സംഘങ്ങളോ ബാങ്കുകളോ പാലിക്കുന്നില്ലായെന്ന് നാളിതുവരെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ഓർഫനേജ് ഗ്രാന്റ് വർദ്ധനവ്

*29 [269] ശ്രീ. സി. മോയിൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് അനുവദിക്കുന്ന ഓർഫനേജ് ഗ്രാന്റിൽ എന്തെങ്കിലും വർദ്ധനവ് വരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ എത്രയാണ് വർദ്ധനവ് എന്നും എന്ന് മുതൽക്കാണ് വർദ്ധന പ്രാബല്യത്തിൽ വരുന്നതെന്നും വ്യക്തമാക്കാമോ;

(സി) ഈ ഗവൺമെന്റ് അധികാരത്തിൽവന്നതിനുശേഷം പുതുതായി ഏതെങ്കിലും സ്ഥാപനത്തിന് ഗ്രാന്റ് അനുവദിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly